**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 4536** **20.10. 2011-ൽ മറുപടിക്ക്.**

## പോലീസ് നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പോലീസ് സേനാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | : (എ) പോലീസ് സേനാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സസ് സ്കീം പ്രകാരം ലഭ്യമാകുന്ന തുക വിനിയോഗിച്ച് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു: റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിർമ്മാണം, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ നിർമ്മാണം, ഓപ്പറേഷണൽ വെഹിക്കിളുകൾ, പോലീസ് സേനയിലെ ജനറൽ വിഭാഗം, ട്രാഫിക് വിഭാഗം, ബോംബ് ഡിറ്റക്ഷൻ & ഡിസ്പോസൽ സ്ക്വാഡ്, സ്പെഷ്യൽ ബ്രാഞ്ച്, ക്രൈം ബ്രാഞ്ച് തുടങ്ങിയവയ്ക്കാവശ്യമായ ഉപകരണങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ഫോറൻസിക് ലാബിനാവശ്യമായ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കൂടാതെ പതിമൂന്നാം ധനകാര്യ കമ്മീഷന്റെ പാരിതോഷികം (Award) പ്രകാരം 70 സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററുകൾ പണിയുന്നതിനും |

(..................2)

50 സ്ഥലങ്ങളിൽ ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്ററുകൾ സ്ഥാപിക്കുന്നതിനും, എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനിയർ സിറ്റിസൺ പ്രൊട്ടക്ഷൻ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുന്നതിനും, എല്ലാ റവന്യൂ ജില്ലകളിലും ഫോറിനേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും, തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ പോലീസ് ഡോർമിറ്ററികൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമേ പോലീസിന്റെ പ്രവർത്തനം പൊതുജനങ്ങളുടെ താൽപ്പര്യങ്ങളുമായി കൂടുതൽ ബന്ധപ്പെടുത്തുന്നതിനായി ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാനത്ത് 148 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ ജനമൈത്രി പോലീസ് സ്റ്റേഷനുകളിലും ഒരു വനിതാ സിവിൽ പോലീസ് ഓഫീസർ ഉൾപ്പെടെ 5 സിവിൽ പോലീസ് ഓഫീസർമാരുടെ അധിക തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) വനിതാ പോലീസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി കൂടുതൽ പേരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | : (ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ